**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 79** **23-01-2025 - ൽ മറുപടിയ്ക്ക്**

**പോലീസിന്റെ പ്രവർത്തന മികവിന് ദേശീയ അംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് പോലീസിന്റെ പ്രവർത്തന മികവിനെ അടിസ്ഥാനമാക്കി ദേശീയ തലത്തിലുള്ള ഏതെല്ലാം അംഗീകാരങ്ങളാണ് സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ളത്; ഓരോന്നിന്റെയും വിശദാംശം ലഭ്യമാക്കുമോ; | (എ) | 2016-2021-ലെ മുൻ സർക്കാർ കാലയളവ് മുതൽ നാളിതുവരെ സംസ്ഥാന പോലീസ് സേനയ്ക്ക് ലഭിച്ചിട്ടുള്ള അവാർഡുകളും അംഗീകാരങ്ങളും അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സൈബർ മേഖലയിൽ സംസ്ഥാന പോലീസിൽ ഏർപ്പെടുത്തിയിട്ടുള്ള ആധുനിക സംവിധാനങ്ങളുടെയും പ്രസ്തുത മേഖലയിലെ പ്രവർത്തനങ്ങളിൽ വന്നിട്ടുള്ള പുരോഗതിയുടെയും വിശദാംശം ലഭ്യമാക്കുമോ? | (ബി) | ക്രിപ്റ്റോ കറൻസിയിലൂടെയുള്ള തട്ടിപ്പ കൾ വർദ്ധിച്ചുവരുന്ന സാഹചര്യ ത്തിൽ ഇത്തരം തട്ടിപ്പുകൾ നടത്തുന്നവരെ കണ്ടെത്തുന്നതിനും ഇത്തരം ഇടപാടുകൾ ഫലപ്രദമായി നിയന്ത്രിക്കുന്നതിനുമായി കേരള പോലീസ് ക്രിപ്റ്റോ കറൻസി അനാലിസിസ് ടൂൾ ഉപയോഗിച്ച് വരുന്നു. ക്രിപ്റ്റോ കറൻസിയിലൂടെ യുള്ള തട്ടിപ്പുകേസുകളിൽ ക്രിപ്റ്റോ കറൻസി ട്രാൻസാക്ഷനുകൾ പരിശോധിച്ച് എക്സ്ചേഞ്ചുകളിലെ ഡെപ്പോസിറ്റ് വാലറ്റുകൾ കണ്ടെ ത്തി അവയുടെ വിവരങ്ങൾ ശേഖരിച്ച് പ്രതികളിലേയ്ക്ക് എത്തിപ്പെടുവാൻ സാധിക്കുന്നു.<br><br>പോലീസ് ഡിപ്പാർട്ട്മെന്റിലെ സൈബർ ഭീഷണികളെ കണ്ടെത്താനും പ്രതിരോധിക്കുന്നതിനും നിർമ്മിത ബുദ്ധി അടിസ്ഥാനമാക്കി യുള്ള സെക്യൂരിറ്റി ഓപ്പറേഷൻ സെന്റർ പ്രവർത്തിച്ചുവരുന്നു. ഇതിലൂടെ ലോഗുകൾ നിരീക്ഷിക്കു കയും സുരക്ഷാ പ്രശ്നങ്ങൾ കണ്ടെത്തുകയും അതിൽ നിർമ്മിത ബുദ്ധി സംയോജിപ്പിച്ച് അലർട്ടുകൾ നൽകുകയും ചെയ്യുന്നു. AI Powered സെക്യൂരിറ്റി ഓപ്പറേറ്റിങ് സെന്റർ നടപ്പിലാക്കുന്ന ഇന്ത്യയിലെ ആദ്യ പോലീസാണ് കേരള പോലീസ്.<br><br>ഡിജിറ്റൽ ഇടപാടുകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും വർദ്ധിച്ചുവരുന്ന നൂതന സൈബർ തട്ടിപ്പുകളിൽ നിന്നും പൊതു ജനങ്ങളെ സംരക്ഷിക്കുന്നതിനായി കേരള പോലീസ് സൈബർ |

| | | | |
|---|---|---|---|
| | | | വിഭാഗം വിഭാവനം ചെയ്ത സൈബർ വാൾ പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. പൊതുജനങ്ങൾക്ക് ലഭിക്കുന്ന ഫോൺ നമ്പറുകൾ, ഇമെയിൽ ഐഡികൾ, സോഷ്യൽ മീഡിയ പ്രൊഫൈലുകൾ, എക്സിക്യൂട്ട ബിൾ ഫയലുകൾ, സ്ക്രീൻഷോട്ടു കൾ, എസ്എംഎസ്, ഈ-മെയിൽ ഉള്ളടക്കമുള്ള മറ്റു ഡിജിറ്റൽ വിവരങ്ങൾ എന്നിവ പരിശോധിച്ച് വിശകലനം ചെയ്ത് ഒരു ട്രസ്റ്റ് സ്കോർ നൽകി ഡിജിറ്റൽ ഇടങ്ങളിലെ സുരക്ഷിതത്വം ഉറപ്പുവരുത്തി സൈബർ തട്ടിപ്പുകളിൽ നിന്നും പൊതുജനങ്ങളെ സംരക്ഷിക്കുക എന്നതാണ് സൈബർ വാൾ പ്രോജക്ടിന്റെ ലക്ഷ്യം.<br><br>കേരള പോലീസ് സൈബർ ഡിവിഷന്റെ കീഴിൽ പൊതു ജനങ്ങൾക്ക് സൈബർ സാമ്പ ത്തിക തട്ടിപ്പ് പരാതികൾ റിപ്പോർട്ട് ചെയ്യുന്നതിനായി 24*7 പ്രവർത്തി ക്കുന്ന National Cyber Crime Reporting Portal-ന്റെ (NCRP) 1930 എന്ന ഹെൽപ്പ് ലൈൻ നമ്പർ പോലീസ് ആസ്ഥാനത്ത് Public Out Reach Group-ന്റെ കീഴിൽ പ്രവർത്തിച്ച് വരുന്നു. ഈ നമ്പറിലൂടെ രജിസ്റ്റർ ചെയ്യപ്പെടുന്ന പരാതിക്കാരുടെ നഷ്ടപ്പെട്ട തുക ബന്ധപ്പെട്ട ബാങ്കുകളുടെ സഹായ ത്തോടെ തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

- കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിലും തടയുന്നതിലുമുള്ള മികവ്, കൃത്യമായ ക്രമ സമാധാന പാലനം, സ്റ്റേഷൻ പരിധിയിലെ സമാധാന സംരക്ഷണം എന്നിവ പരിഗണിച്ച് ഇടുക്കി ജില്ലയിലെ മുട്ടം പോലീസ് സ്റ്റേഷന് ഐ.എസ്.ഒ **9001 : 2015** പുരസ്കാരം ലഭിച്ചു.

- സൈബർ കുറ്റകൃത്യങ്ങൾ നിരീക്ഷിക്കുന്നതിലുള്ള മികവ് പരിഗണിച്ച് സൈബർ ഡോമിന് ഐ.എസ്.ഒ സർട്ടിഫിക്കറ്റ് ലഭിച്ചു.

- തൃശൂർ റൂറൽ പോലീസ് ജില്ലയിലെ കൊരട്ടി പോലീസ് സ്റ്റേഷന് കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിലും തടയുന്നതിലുമുള്ള മികവ്, കൃത്യമായ ക്രമസമാധാനപാലനം, ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചുള്ള പൊതുജനസേവനം, സ്റ്റേഷൻ പരിധിയിലെ ജൈവവൈവിധ്യ സംരക്ഷണം, കൃഷി, വിദ്യാഭ്യാസം തുടങ്ങിയ വിഷയങ്ങൾക്ക് നൽകിയ പ്രാധാന്യം പരിഗണിച്ച് ഐ.എസ്.ഒ **9001: 2015** പുരസ്കാരം ലഭിച്ചു.

- കോവിഡ് കാലത്ത് ആരോഗ്യവകുപ്പുമായി ചേർന്നുള്ള മികച്ച പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം പോലീസ് സ്റ്റേഷന് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിച്ചു.

- തൃശൂർ സിറ്റി അസിസ്റ്റന്റ് പോലീസ് കമ്മീഷണറുടെ കാര്യാലയത്തിന് ഐ.എസ്.ഒ. അംഗീകാരം ലഭിച്ചു.

- തൃശൂർ സിറ്റി പോലീസ് ജില്ലയിലെ മണ്ണുത്തി പോലീസ് സ്റ്റേഷന് ഐ.എസ്.ഒ **9001 : 2015** പുരസ്ക്കാരം. കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിലും തടയുന്നതിലുമുള്ള മികവ്, കൃത്യമായ ക്രമസമാധാനപാലനം, മയക്കുമരുന്ന് വിൽപ്പനയും ഉപയോഗവും കണ്ടെത്തി തടയുന്ന തിലുള്ള മികവ്, ആധുനിക സംവിധാനങ്ങൾ

ഉപയോഗിച്ചുള്ള പൊതുജനസേവനം എന്നിവ അവാർഡിന് പരിഗണിച്ചു.

- ഫിക്കി (ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേമ്പേഴ്സ് ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രി) നൽകുന്ന 2021-ലെ സ്മാർട്ട് പോലീസിംഗ് അവാർഡ് കേരള പോലീസിന്റെ അഞ്ച് വിഭാഗങ്ങൾക്ക് ലഭിച്ചു. സ്പെഷ്യൽ ജൂറി അവാർഡും കേരള പോലീസിനാണ്. കമ്മ്യൂണിറ്റി പോലീസിങ് വിഭാഗത്തിൽ കേരള പോലീസ് അസിസ്റ്റന്റ് ചാറ്റ് ബോട്ട് സർവ്വീസ്, കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്ന വിഭാഗത്തിൽ ചിരി ഹെൽപ്പ് ലൈൻ, ദുരന്ത മേഖലകളിലെ അടിയന്തര ഇടപെടൽ വിഭാഗത്തിൽ ഇതിനായി പ്രത്യേകം രൂപീകരിച്ച ഡിസാസ്റ്റർ ആന്റ് എമർജൻസി റെസ്പോൺസ് സംവിധാനവും പരിശീലന വിഭാഗത്തിൽ മൈൻഡ്ഫുൾ ലൈഫ് മാനേജ്മെൻറും മറ്റ് പോലീസ് സംരംഭങ്ങൾ പരിഗണിച്ചതിൽ സെന്റർ ഫോർ എംപ്ലോയി എൻഹാൻസ്മെന്റ് ആന്റ് ഡെവലപ്മെൻറും അവാർഡിന് അർഹമായി. കേരള പോലീസിൻ്റെ വിവിധ മേഖലകളിലെ ആശയനിർവ്വഹണ നേട്ടങ്ങൾ കണക്കിലെടുത്ത് സ്മാർട്ട് ഇന്നൊവേറ്റീവ് പോലീസിംഗ് എന്ന വിഭാഗത്തിൽ സ്പെഷ്യൽ ജൂറി അവാർഡും കേരളാ പോലീസിന് ലഭിച്ചു.

- സംസ്ഥാനത്തെ ഏറ്റവും മികച്ച പോലീസ് സ്റ്റേഷനുള്ള കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 2021ലെ പുരസ്കാരം പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം പോലീസ് സ്റ്റേഷൻ കരസ്ഥമാക്കി.

- 2022 ലെ സംസ്ഥാനത്തെ മികച്ച പോലീസ് സ്റ്റേഷനായി പാലക്കാട് ജില്ലയിലെ ഷോളയൂർ പോലീസ് സ്റ്റേഷനെ കേന്ദ്ര ആഭ്യന്തര മന്ത്രാലയം തിരഞ്ഞെടുത്തു.

- 2023-ലെ കേരളത്തിലെ ഏറ്റവും മികച്ച പോലീസ് സ്റ്റേഷനായും ഇന്ത്യയിലെ ഒൻപതാമത്തെ മികച്ച പോലീസ് സ്റ്റേഷനായും മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം പോലീസ് സ്റ്റേഷനെ കേന്ദ്ര ആഭ്യന്തരമന്ത്രാലയം തിരഞ്ഞെടുത്തു.

- **2024** ലെ രാജ്യത്തെ ഏറ്റവും മികച്ച അഞ്ചാമത്തെ പോലീസ് സ്റ്റേഷനായി പാലക്കാട് ജില്ലയിലെ ആലത്തൂർ പോലീസ് സ്റ്റേഷനെ കേന്ദ്ര ആഭ്യന്തര മന്ത്രാലയം തെരഞ്ഞെടുത്തു.

- പാസ്പോർട്ട് അപേക്ഷകളുടെ പരിശോധനയിലെ കൃത്യതയ്ക്ക് കേന്ദ്ര വിദേശകാര്യമന്ത്രാലയം നൽകുന്ന അംഗീകാരത്തിന് കേരള പോലീസ് അർഹമായി. പോലീസിലെ സാങ്കേതികവിദഗ്ദ്ധർ നിർമ്മിച്ച ഇ-വിഐപി എന്ന സംവിധാനമാണ് പാസ്പോർട്ട് അപേക്ഷകളുടെ പരിശോധനയിലെ കാലതാമസം ഒഴിവാക്കുന്നതിന് കേരളാ പോലീസിന് സഹായകമായത്.

- കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിനു കീഴിലുള്ള സെൻട്രൽ ഫിംഗർ പ്രിൻറ് ബ്യൂറോ നടത്തിയ സ്മാർട്ട് യൂസ് ഓഫ് ഫിംഗർപ്രിൻറ് സയൻസ് ഇൻ ഇൻവെസ്റ്റിഗേഷൻ മത്സരത്തിൽ ആലപ്പുഴ വെൺമണി ഇരട്ടക്കൊലപാത കേസ് തെളിയിച്ചതിൽ വിരലടയാള വിദഗ്ദ്ധരുടെ വൈദഗ്ധ്യം വിലയിരുത്തി കേരളാ പോലീസിന് മൂന്നാം സ്ഥാനം ലഭിച്ചു.

- രാജ്യത്തെ ഏറ്റവും മികച്ച മൂന്ന് സൈബർ വിഭാഗങ്ങളെ തിരഞ്ഞെടുക്കുന്നതിന് ഡാറ്റ സെക്യൂരിറ്റി കൗൺസിൽ ഓഫ് ഇന്ത്യ നടത്തിയ മത്സരത്തിൽ സർക്കാർ ഉടമസ്ഥതയിൽ ഉള്ള സ്ഥാപനങ്ങളിലെ ഡിജിറ്റൽ ഫോറൻസിക് മികവ് കണ്ടെത്തുന്നതിനുള്ള വിഭാഗത്തിൽ തിരുവനന്തപുരത്തെ ഫോറൻസിക് സയൻസ് ലബോറട്ടറിക്ക് പുരസ്കാരം ലഭിച്ചു.

- ഫോറൻസിക് അനാലിസിസിലും സർവീസ് ഡെലിവെറിയിലും ഉന്നത നിലവാരം പുലർത്തിയതിൻ്റെ അടിസ്ഥാനത്തിൽ കണ്ണൂരിലെ റീജിയണൽ ഫോറൻസിക് സയൻസ് ലാബിനു നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിങ് ആൻഡ് കാലിബ്രേഷന് ലബോറട്ടറീസ് (എൻ.എ.ബി.എൽ) നൽകുന്ന ഐ എസ് ഒ അംഗീകാരം ലഭിച്ചു.

- കേരളാ പോലീസിൻ്റെ സോഷ്യൽ മീഡിയ സെല്ലിനും സൈബർ ഡോമിനും **2020-21** വർഷത്തെ ദേശീയ ഇ-ഗവേണൻസ് അവാർഡ് ലഭിച്ചു.

- **2021** ൽ പോലീസിൻ്റെ ഔദ്യോഗിക ഇൻസ്റ്റഗ്രാം അക്കൗണ്ട് ഒരു മില്ല്യൻ ഫോളോവേഴ്സ് എന്ന അസാധാരണ നേട്ടത്തിന് അർഹമായി. ഈ മേഖലയിലെ ന്യൂയോർക്ക് പോലീസിന്റെയും ഇന്റർപോളിന്റെയും ഭേദിച്ചുകൊണ്ടാണ് കേരളാ പോലീസ് ഈ നേട്ടം കൈവരിച്ചത്.

- കേരള പോലീസ് ഡ്രോൺ ഫോറൻസിക് ലാബ് & റിസർച്ച് സെന്ററിന് **2022** ലെ ടെക്നോളജി സഭ അവാർഡ് ലഭിച്ചു.

- **2022** ലെ സംസ്ഥാനത്തെ മികച്ച പോലീസ് സ്റ്റേഷനായി പാലക്കാട് ജില്ലയിലെ ഷോളയൂർ പോലീസ് സ്റ്റേഷനെ കേന്ദ്ര ആഭ്യന്തര മന്ത്രാലയം തിരഞ്ഞെടുത്തു.

- **2023** ൽ നടന്ന ദേശീയ പോലീസ് ഡ്യൂട്ടി മീറ്റിൽ ഫോട്ടോഗ്രാഫി, വീഡിയോഗ്രാഫി വിഭാഗത്തിൽ സ്വർണ്ണമെഡലും വിരലടയാള പരിശോധനയിൽ സ്വർണ്ണ മെഡലും, ഫോറൻസിക് സയൻസ് എഴുത്തുപരീക്ഷയിൽ വെള്ളിമെഡലും കേരള പോലീസ് കരസ്ഥമാക്കി.

- വാർത്താവിനിമയം, വിവര സാങ്കേതികവിദ്യ എന്നിവയുപയോഗിച്ചു കേരളാ പോലീസ് സോഷ്യൽ മീഡിയാ വിഭാഗം നടത്തിയ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഇ-ഗവേണൻസ് രംഗത്തെ നൂതന ആശയങ്ങൾക്കും സംരംഭങ്ങൾക്കുമായി കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ദേശീയ ഇ-ഗവേണൻസ് പുരസ്കാരം ലഭിച്ചു.

- സ്ത്രീകൾക്കും കുട്ടികൾക്കും എതിരായി ഓൺലൈനിലൂടെ നടക്കുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിന് സജീവമായ ഇടപെടൽ നടത്തിയതിനുള്ള കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിൻ്റെ പുരസ്കാരം

കേരള പോലീസിന് ലഭിച്ചു.

- കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ **2024** ലെ കേന്ദ്രീയ ഗൃഹമന്ത്രി ദക്ഷതപദക്ക്" അവാർഡിന് കേരള പോലീസിലെ നാല് ഉദ്യോഗസ്ഥർ അർഹരായി.

    - ഈ സർക്കാരിന്റെ കാലത്ത് 2021 ആഗസ്റ്റ് 15 മുതൽ 2024 ആഗസ്റ്റ് 15 വരെ 87 പോലീസ് ഉദ്യോഗസ്ഥർക്ക് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ നിന്നുള്ള മെഡൽ ലഭിച്ചിട്ടുണ്ട്.

    - കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ 2021 ലെ അന്വേഷണ മികവിനുള്ള അവാർ ഡ് 09 പോലീസ് ഉദ്യോഗസ്ഥർക്കും സ്പെഷ്യൽ ഓപ്പറേഷൻ മെഡൽ 10 പേർക്കും, പരിശീലന മികവിനുള്ള മെഡൽ 06 പേർക്കും, 2022 -ലെ അന്വേഷണ മികവിനുള്ള മെഡൽ 08 പേർക്കും, പോലീസ് പരിശീലനത്തിന് 2021-22 കാലയളവിലെ മെഡൽ 06 പേർക്കും, 2023 -ലെ അന്വേഷണ മികവിനുള്ള മെഡൽ 09 പേർക്കും, ജീവൻ രക്ഷാ പതക് 02 പേർക്കും, 2024 -ലെ കേന്ദ്രീയ ഗൃഹ് മന്ത്രി ദക്ഷതാ പതക് വിവിധ ഇനങ്ങളിലായി 06 പേർക്കും ലഭിക്കുകയുണ്ടായി.